(സി) അഴീക്കൽ തുറമുഖത്ത് യാത്രാ ചരക്ക് കപ്പലുകൾ കൊണ്ടുവരുന്നതിനായി ലക്ഷദ്വീപ് അധികാരികളുമായും ചേംബർ ഓഫ് കൊമേഴ്സുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. തുറമുഖത്ത് ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. തുറമുഖത്തെ നിലവിലെ ആഴം കണക്കാക്കുന്നതിനായി ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ചുമതലപ്പെടുത്തുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു. ഡ്രെഡ്ജിംഗ് നടപടികൾ പൂർത്തിയായിവരുന്ന മുറയ്ക്ക് ചരക്ക് കപ്പലുകൾ അടുപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖവകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനം

158(1415) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ 2-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഈ വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേരെ പ്രസ്തുതതസ്തികയിൽ നിയമിച്ചു; ഇനി എത്ര ഒഴിവുകൾ ബാക്കിയുണ്ട്; അതിൽ എത്രപേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഒഴിവുകൾ നിലവിലില്ല.

(ബി) മൂന്ന് പേരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

റിപ്പയർ യാർഡുകൾ

159(1416) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖവകുപ്പിനു കീഴിലെ പോർട്ടുകളിൽ ഏതിലെങ്കിലും റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്നു വ്യക്തമാക്കുമോ ;

(ബി) ഇത്തരം റിപ്പയർ യാർഡുകളുമായി ബന്ധപ്പെട്ട് ബാർജുകൾ, ഉരുക്കൾ മുതലായവയ്ക്ക് നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വകുപ്പിലെ ജലയാനങ്ങളുടെ അത്യാവശ്യ ദൈനംദിന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകര, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റിപ്പയറിംഗ് വർക്കുഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീണ്ടകര, മുനമ്പം എന്നിവിടങ്ങളിൽ സ്ലിപ്‌വേ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി

890(1417) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതി പ്രഖ്യാപിച്ചത് എന്നാണ് ; രൂപരേഖ തയ്യാറാക്കിയത് എന്നാണ് ;

(സി) പ്രസ്തുതപദ്ധതികൊണ്ട് എന്തൊക്കെ പ്രയോജനങ്ങളാണ് ഉദ്ദേശിക്കുന്നത് എന്നും, ഏതൊക്കെ തുറമുഖങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) എന്നത്തേക്ക് പദ്ധതി നടപ്പാവും എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2010-ലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്. ഡിലോയിറ്റ് എന്ന സ്ഥാപനത്തെ (ടെണ്ടർ മുഖേന) പദ്ധതി രൂപരേഖ തയ്യാറാക്കുവാൻ നിയമിക്കുന്നതിനുള്ള തുറമുഖ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

(സി) പ്രസ്തുത പദ്ധതികൊണ്ട് ചുവടെ പറയുന്ന പ്രയോജനങ്ങൾ ഉണ്ടാകുന്നതാണ്.

1. റോഡ് വഴിയുള്ള ചരക്ക് ഗതാഗതം 20% എങ്കിലും ആദ്യഘട്ടത്തിൽ കുറച്ച് ഗതാഗത കുരുക്ക് ഒഴിവാക്കാനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുവാനും സാധിക്കും.
2. തുറമുഖങ്ങളിൽ സജീവമായി ചരക്ക് കൈകാര്യം ചെയ്യുവാനും ചരക്ക് ഗതാഗത ചെലവ് കുറയ്ക്കുവാനും സാധിക്കും.
3. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും.
4. റോഡിലുള്ള തിരക്കും അതുമൂലമുണ്ടാകാൻ സാദ്ധ്യതയുള്ള അപകട സാദ്ധ്യതകളും കുറയ്ക്കാൻ സാധിക്കും.
5. തീ പിടിക്കാൻ സാധ്യതയുള്ള പെട്രോളിയം ഉല്പന്നങ്ങളും രാസവസ്തുക്കളും കടൽമാർഗ്ഗം കടത്തുകവഴി അപകട സാദ്ധ്യത കുറയും.
6. പ്രസ്തുത പദ്ധതിമൂലം റോഡിലെ തിരക്ക് കുറയുകയും ഉല്പന്നങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് വരുത്തുവാനും സാധ്യമാകുന്നതാണ്.

ആദ്യഘട്ടത്തിൽ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം, എന്നീ തുറമുഖങ്ങൾ വഴി ചരക്ക് കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടത്തിൽ കാസർഗോഡ്, വടകര, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങൾ വഴിയും ചരക്ക് കൈകാര്യം ചെയ്യാനാണ് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly